**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1253** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. കെ. എം. അഭിജിത്ത്

ശ്രീ. കെ. പ്രവീൺ കുമാർ

ശ്രീമതി ഉഷ വിജയൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. റോജി എം. ജോൺ

(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** വിദേശ സർവകലാശാലകളിലേക്കും മറ്റ് സംസ്ഥാനങ്ങളിലേക്കും വിദ്യാർത്ഥികൾ ഉന്നത പഠനത്തിന് പോകുന്ന പ്രവണത കുറയ്ക്കാൻ എന്തെല്ലാം ചെയ്യാൻ സാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** നാലുവർഷ ബിരുദ പ്രോഗ്രാം, സെന്റർ ഓഫ് എക്സലൻസ്, സ്റ്റഡി ഇൻ കേരള, ബ്രെയിൻ ഗെയിൻ, K-REAP, സ്കോളർ കണക്ട് ഡിജിറ്റൽ സംവിധാനം, തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതു വഴി വിദേശ വിദ്യാർഥികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനും, കേരളത്തിലെ വിദ്യാർഥികളെ ഇവിടെ നിലനിർത്തുന്നതിനും സഹായകരമാണ്.

കൂടാതെ, കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ National Institutional Ranking Framework ൽ കേരളത്തിലെ പ്രമുഖ സർവകലാശാലകളും, വിവിധ കോളജുകളും മികച്ച സ്ഥാനങ്ങൾ കൈവരിച്ചത് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിലേക്ക് വിദ്യാർഥികളെ ആകർഷിക്കാൻ സഹായകരമാണ്.

വിദേശ സർവ്വകലാശാലകൾ പൊതുവേ പിൻതുടരുന്ന 4 വർഷ ബിരുദ പ്രോഗ്രാമുകൾക്ക് അനുയോജ്യമായിട്ടുള്ള കരിക്കുലം ചട്ടക്കൂടാണ് സംസ്ഥാനത്തെ സർവ്വകലാശാലകളിലും / കോളേജുകളിലും ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. ഇത് നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ പൊതു സ്വീകാര്യത വർദ്ധിപ്പിക്കുന്നതാണ്. വിദേശ രാജ്യങ്ങളിലേതുപോലെ പൂർണ്ണമായും ക്രെഡിറ്റ് അടിസ്ഥാനമാക്കി ഓരോ വിദ്യാർത്ഥിക്കും സ്വന്തം അഭിരുചികളും ലക്ഷ്യങ്ങളും അനുസരിച്ച് അക്കാദമിക് അഡ്വൈസറുടെ സഹായത്തോടെ സ്വന്തം കഴിവുകൾ വികസിപ്പിക്കാനും പ്രൊഫഷണൽ ലക്ഷ്യങ്ങൾക്ക് സഹായകരമാവും വിധം വിവിധ വിഷയങ്ങളുടെ കോമ്പിനേഷൻ തെരഞ്ഞെടുത്ത് തന്റെ ബിരുദ ഘടന രൂപകല്പന ചെയ്യാനുള്ള തരത്തിലാണ് കരിക്കുലം രൂപകല്പന ചെയ്തിരിക്കുന്നത്. നാലുവർഷ ബിരുദ ക്രെഡിറ്റുകൾക്ക് ലോകത്തിലെ പ്രധാനപ്പെട്ട

ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനങ്ങളായ യൂറോപ്യൻ ക്രെഡിറ്റ് ട്രാൻസ്ഫർ സിസ്റ്റം (ECTS) ആയിട്ടും അമേരിക്കൻ ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനമായിട്ടും ക്രെഡിറ്റ് കൈമാറ്റം സാധ്യമാകും. നമ്മുടെ ബിരുദങ്ങൾക്കും ഇന്റർനാഷണൽ കോമ്പാറ്റിബിലിറ്റി നേടാൻ ഈ സംവിധാനം സഹായകമാണ്.

**(ബി)** ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് കർമ്മപരിപാടി തയ്യാറാക്കുമോ; വിശദമാക്കാമോ;

**മറുപടി:** ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും, വിദ്യാർത്ഥികളുടെ മാനസികാരോഗ്യവും ക്യാമ്പസ് സുരക്ഷയും ഉറപ്പാക്കുന്നതിനുമായി ചുവടെ കൊടുക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

1. **കേരള നോളഡ്ജ് വാലി പദ്ധതി:-** പ്രമുഖ അന്താരാഷ്ട്ര സർവ്വകലാശാലകളെ പഠനത്തിനായി ആകർഷിക്കുന്നതിലൂടെയും വിദേശത്തേയ്ക്ക് വിദ്യാർത്ഥികളുടെ കുടിയേറ്റം കുറയ്ക്കുന്നതിലൂടെയും കേരളത്തെ ആഗോള ഉന്നത വിജ്ഞാന കേന്ദ്രമാക്കി മാറ്റുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

2. **ട്രൈബൽ യൂണിവേഴ്സിറ്റി -** ആദിവാസി സമൂഹങ്ങൾക്ക് ആധുനിക വിദ്യാഭ്യാസ ഗവേഷണ അവസരങ്ങൾ എത്തിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

3. **ഹൈടെക്ക് ഗവേഷണ പാർക്ക് :-** അക്കാദമിക് ഗവേഷണത്തിനും വ്യവസായത്തിനും ഇടയിലുള്ള വിടവ് നികത്തുക എന്നതാണ് ഈ സംരംഭത്തിലൂടെ ഉദ്ദേശിക്കുന്നത്.

വിദ്യാർത്ഥകളുടെ മാനസികാരോഗ്യവും കാമ്പസ് സുരക്ഷയും ഉറപ്പാക്കുന്നതിനുവേണ്ടി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ.

1. **സിദ്ധാർത്ഥൻ ആന്റി റാഗിംഗ് ആന്റ് സ്റ്റുഡന്റ് വെൽഫയർ ആക്ട് :-** വിദ്യാർത്ഥി ക്ഷേമവും കാമ്പസ് സുരക്ഷയും ശക്തിപ്പെടുത്തുന്നതിനും സുരക്ഷിതമായ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനുമാണ് ഈ ആക്ട് നടപ്പിലാക്കുന്നത്. വിദ്യാർത്ഥികൾക്ക് തങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും കൗൺസിലിംഗിനും മാനസികാരോഗ്യപിന്തുണ ലഭ്യമാക്കുന്നതിനും ഒരു മൊബൈൽ ആപ്ലിക്കേഷൻ ആരംഭിക്കാനും തീരുമാനിച്ചിട്ടുണ്ട്.

2. **വൺ കേരള സേഫ്റ്റി മിഷൻ** - ഈ പദ്ധതിയുടെ കീഴിൽ വിദ്യാർത്ഥികൾക്ക് സുരക്ഷിതമായ അന്തരീക്ഷം സൃഷ്ടിക്കുന്നു.

3. **അക്കാദമിക് കൗൺസിൽ, ഓംബുഡ്സ്മാൻ:**

അക്കാദമിക വിഷയങ്ങളിൽ അമിത രാഷ്ട്രീയ ഇടപെടൽ ഒഴിവാക്കുന്നതിന് അക്കാദമിക് കൗൺസിൽ രൂപീകരിക്കാനും, വിദ്യാർഥികളുടെ പ്രശ്നങ്ങൾ അന്വേഷിക്കാനും,

പരിഹരിക്കാനും, കോളേജുകളിൽ ഓംബുഡ്സ്മാൻ സംവിധാനം നടപ്പിലാക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

**(സി)** വിദ്യാർത്ഥികളുടെ മാനസികാരോഗ്യവും ക്യാമ്പസ് സുരക്ഷയും ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**